# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ മേഖലയുടെ പുരോഗതി</u>

5348 ശ്രീ. റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, പാലോട് രവി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചക്കും പുരോഗതിക്കുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഉത്തരവുകൾ നടപ്പാക്കുകയും ആയതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>സഹകരണമേഖലയ്ക്ക് വകയിരുത്തിയ തുക</u>

5349 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി എന്തു തുകയാണ് വകയിരുത്തിയിരുന്നത്; എന്തെല്ലാം കാര്യങ്ങൾക്കായിരുന്നു തുക നീക്കിവച്ചത്; അതിൽ എന്തു തുക ചെലവഴിച്ചു; ചെലവഴിക്കാനുള്ള തുക എത്ര;

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് സഹകരണമേഖലയുടെ വികസനത്തിനായി അനുവദിച്ചത്; അതിൽ എത്ര ചെലവഴിച്ചു; എന്തെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിലേക്കായി വിപണി ഇടപെടലിനായി എന്തു തുക 2012-13 ലും 2013-14 ലും ചെലവഴിച്ചു എന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് ത്രിവേണി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനായി 2012-13 ലും 2013-14 ഡിസംബർ 31 വരെയും എന്തു തുക ചെലവഴിച്ചു എന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്താ അനുപാതം</u>

5350

ശ്രീ. പി. സി. ജോര്‍ജ്
,, റോഷി അഗസ്റ്റിന്‍
ഡോ. എന്‍. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്താ അനുപാതം ഉയര്‍ത്തണമെന്ന റിസര്‍വ്വ് ബാങ്കിന്റെ നിര്‍ദ്ദേശം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ കാതലായ ഭാഗങ്ങള്‍ എന്തെല്ലാമാണ്;

(ബി) ഇതിന്മേല്‍ സര്‍ക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>സഹകരണമേഖലയിലെ നിക്ഷേപം</u>

5351 ശ്രീ. സി. പി. മുഹമ്മദ്
'' കെ. ശിവദാസൻ നായർ
'' എം. പി. വിൻസെന്റ്
'' കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സഹകരണ മേഖലയിലെ ആകെ നിക്ഷേപം എത്രയായിരുന്നു;

(ബി) സഹകരണമേഖലയിലെ 31.12.2013 ലെ ആകെ നിക്ഷേപം എത്രയാണ്;

(സി) സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ യൂണിയന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തൽ</u>

5352 ശ്രീ. സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയന്റെ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാന സഹകരണ യൂണിയന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ വിജിലൻസിന്റെ പ്രവർത്തനം</u>

5353 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ആക്ഷേപം ഉന്നയിക്കപ്പെട്ടിട്ടുളളതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സഹകരണ വിജിലൻസ് വിഭാഗം പുന:സംഘടിപ്പിക്കുമോ;

(സി) വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>സഹകരണസ്ഥാപനങ്ങളിലെ ഓഡിറ്റ്</u>

5354 ശ്രീ. വര്‍ക്കല കഹാര്‍
,, അന്‍വര്‍ സാദത്ത്
,, ആര്‍. സെല്‍വരാജ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 97-ാം ഭരണഘടനാഭേദഗതി നിയമ പ്രകാരം സഹകരണ സംഘങ്ങളുടെ ഓഡിറ്റില്‍ എന്ത് മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം സംസ്ഥാനത്തെ സഹകരണ ഓഡിറ്റ് സംവിധാനത്തില്‍ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) സഹകരണ മേഖലയിലെ അപ്പക്സ് സ്ഥാപനങ്ങളില്‍ ഓഡിറ്റ് കുടിശ്ശികയുണ്ടോ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(ഡി) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സമകാലികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ ഓഡിറ്റ്</u>

5355 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അംഗീകരിച്ച സഹകരണ ഓഡിറ്റ് മാന്വൽ പരിഗണിക്കാതെ ഓഡിറ്റ് നോട്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനായി താലൂക്ക് തലത്തിലുള്ള ഓഡിറ്റ് ഡയറക്ടറന്മാർ ഓഡിറ്റർമാർക്ക് നിർദ്ദേശം നൽകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സഹകരണ ഓഡിറ്റ് സംബന്ധിച്ച് എന്തെങ്കിലും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) 97 -ാം ഭരണഘടന ഭേദഗതിയെ തുടർന്ന് സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റുകൾ കാര്യക്ഷമമല്ലാതാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ശാസ്ത്രിനഗർ റസ്ഡന്റ്സ് വെൽഫെയർ സഹകരണ സംഘത്തിലെ സഹകരണ ഓഡിറ്റ് റിപ്പോർട്ട്</u>

5356 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നടത്തുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ ഒരു വർഷം ചൂണ്ടിക്കാണിക്കുന്ന ന്യൂനതകളും, ക്രമക്കേടുകളും തുടർന്നുള്ള വർഷങ്ങളിലും ആവർത്തിച്ചു രേഖപ്പെടുത്തേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെടുന്ന ക്രമക്കേടുകൾ ആവർത്തിക്കപ്പെടുന്നത് ഗുരുതര വീഴ്ചയായി കണക്കാക്കി നടപടി സ്വീകരിക്കുമോ;

(സി) ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്ന ന്യൂനതകളും ക്രമക്കേടുകളും പരിഹരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള അധികാരം, ഓഡിറ്റ് വിഭാഗത്തിനോ അല്ലെങ്കിൽ സ്വതന്ത്ര ഏജൻസിക്കോ നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) തലസ്ഥാന ജില്ലയിലെ ശാസ്ത്രി നഗർ റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘം (റ്റി. 384) സഹകരണ നിയമവും ചട്ടങ്ങളും ലംഘിച്ച് തുടർച്ചയായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതേക്കുറിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങൾക്ക് ഭൂമി രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്</u>

5357 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമം 1969 ഉം ആയതിന്റെ നിരവധി ഭേദഗതികളുടേയും അടിസ്ഥാനത്തിൽ 40-ാം വകുപ്പു പ്രകാരം ഏതെല്ലാം സഹകരണ സംഘങ്ങൾക്കാണ് ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) സ്റ്റേറ്റ് ഗവൺമെന്റ് എംപ്ലോയീസ് ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് പ്രസ്തുത സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഇളവ് അനുവദിച്ച സംഘങ്ങളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഇളവ് ചില സംഘങ്ങൾക്ക് അനുവദിക്കുകയും ചില സംഘങ്ങൾക്ക് അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് ക്രമവിരുദ്ധമല്ലേ; എങ്കിൽ ആയത് ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ ആശുപത്രികൾ, മെഡിക്കൽ സെന്ററുകൾ എന്നിവയുടെ പ്രവർത്തനം</u>

5358 ശ്രീ. റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ആശുപത്രികൾ, മെഡിക്കൽ സെന്ററുകൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ മേഖലയിലെ ആശുപത്രികളിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനഘടനയും പ്രവർത്തനാന്തരീക്ഷവും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിലെ ആശുപത്രികൾ</u>

5359 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ എത്ര ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരം ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത ആശുപത്രികളിലെ ജീവനക്കാരുടെ വേതനഘടന പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

കൊച്ചി സഹകരണ മെഡിക്കൽ കോളേജ്

5360 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി സഹകരണ മെഡിക്കൽകോളേജ് സർക്കാർ ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) പ്രസ്തുത കോളേജിന്റെ ആസ്തി, ബാധ്യത, തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) നിലവിൽ കൊച്ചി സഹകരണ മെഡിക്കൽ കോളേജിന് പ്രതിവർഷം ഉണ്ടാകുന്ന ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഡി) സഹകരണ മെഡിക്കൽ കോളേജിന് പ്രതിവർഷം 25 കോടി രൂപ സർക്കാർ ഗ്രാന്റായി നൽകി സഹകരണ മേഖലയിൽ തന്നെ നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ പോലീസ് വിജിലന്‍സ് വിഭാഗം ശക്തിപ്പെടുത്താന്‍ നടപടി</u>

5361 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ പോലീസ് വിജിലന്‍സ് വിഭാഗത്തിന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) സഹകരണ പോലീസ് വിജിലന്‍സ് വിഭാഗത്തില്‍ എത്ര തസ്തികകള്‍ നിലവിലുണ്ട് ; എത്ര പേര്‍ ഇപ്പോള്‍ ജോലി ചെയ്യുന്നു ; എത്ര തസ്തികകള്‍ ഒഴിഞ്ഞു കിടക്കുന്നു ; എന്നുമുതലാണ് പ്രസ്തുത തസ്തികകള്‍ ഒഴിഞ്ഞു കിടക്കുന്നത് ; വിശദമാക്കുമോ ;

(സി) സഹകരണ പോലീസ് വിജിലന്‍സ് വിഭാഗം പുനഃസംഘടിപ്പിച്ച്, കൂടുതല്‍ അധികാരങ്ങള്‍ നല്‍കി കാര്യക്ഷമമാക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>കക്ക സഹകരണ സംഘങ്ങളിലെ പ്രതിസന്ധി</u>

5362 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 13 കക്കാ വ്യവസായ സഹകരണ സംഘങ്ങളിലൂടെ തൊഴിലാളികൾ ശേഖരിച്ചിരുന്ന കറുത്ത കക്ക കഴിഞ്ഞ ഒന്നര വർഷമായി വില്പനയില്ലാതെ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കക്കാ തൊഴിലാളികളുടേയും കക്കാ വ്യവസായ സഹകരണ സംഘങ്ങളുടേയും പ്രതിസന്ധിക്ക് കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോയെന്നും ഇതിന് പരിഹാരമെന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) കക്കാ ഉപയോഗിച്ചുകൊണ്ടിരുന്ന പല കമ്പനികളും മറ്റ് സ്ഥലങ്ങളിൽനിന്നും കക്കയ്ക്കു പകരം ചുണ്ണാമ്പുകല്ല് ഇറക്കുമതി ചെയ്യുകയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ സിമന്റ് കമ്പനികളും കെ. എം. എം. എൽ, വാട്ടർ അതോറിറ്റി തുടങ്ങിയവയും ഇപ്പോൾ കക്ക വാങ്ങുന്നില്ല എന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ;

(ഇ) കക്ക തൊഴിലാളികളുടേയും സംഘങ്ങളുടെയും പ്രശ്നം പരിഹരിക്കുവാൻ ചുണ്ണാമ്പുകല്ല് ഇറക്കുമതി നിർത്തലാക്കി സംഘങ്ങളിൽ നിന്നും കക്ക വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ഗ്രാമീണ സഹകരണസംഘങ്ങളുടെ ശാക്തീകരണം</u>

5363 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളും ചട്ടങ്ങളുമാണ് ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനും വളർച്ചയ്ക്കും വേണ്ടി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പുതിയ സഹകരണസംഘങ്ങൾക്കുള്ള സഹായങ്ങൾ</u>

5364 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിക്കുന്ന സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നിലവിൽ നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകളിൽ നിന്നും സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സഹായകമായ നടപടിയുണ്ടാകുന്നതിനും പുതിയ സംരംഭങ്ങളുമായി സഹകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(സി) പുതിയ സഹകരണ സംഘങ്ങൾക്കായി ഇളവുകളോടെയും സുതാര്യവുമായ പദ്ധതികൾ സഹകരണ വകുപ്പിനു കീഴിൽ ആവിഷ്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത സംഘങ്ങൾ</u>

5365 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ പേര് വിവരം വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ നിലവിലുള്ളതും നിലച്ചുപോയതുമായ സംഘങ്ങൾ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള ഏതെല്ലാം സഹകരണ സംഘങ്ങളിൽ എത്ര വർഷത്തെ ഓഡിറ്റ് കുടിശ്ശിക ഉണ്ടെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

കണ്ണൂർ ജില്ലയിലെ ആന്നൂർ സായാഹ്ന ശാഖ കെട്ടിടം മാറ്റുന്നതിന് അനുമതി

5366 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ''പയ്യന്നൂർ സർവ്വീസ് സഹകരണ ബാങ്ക്''(നം. എഫ്. 1401) ആന്നൂർ സായാഹ്ന ശാഖ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിന്ന് മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് അനുമതിയ്ക്ക് വേണ്ടിയുള്ള അപേക്ഷ സഹകരണ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് ശാഖാ കെട്ടിടം മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സാഹിത്യപ്രവര്‍ത്തക സഹകരണസംഘം</u>

5367 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സാഹിത്യപ്രവര്‍ത്തക സഹകരണ സംഘം എത്ര പുതിയ പുസ്തകങ്ങളാണ് പ്രസിദ്ധീകരിച്ചത്;

(ബി) മുന്‍ സര്‍ക്കാരിന്റെ കാലത്ത് സാഹിത്യപ്രവര്‍ത്തക സഹകരണ സംഘം എത്ര പുതിയ പുസ്തകങ്ങള്‍ പ്രസിദ്ധീകരിച്ചു;

(സി) മുന്‍ സര്‍ക്കാര്‍ എഴുത്തുകാര്‍ക്ക് കുടിശ്ശികയടക്കം എന്തു തുക റോയല്‍റ്റി ഇനത്തില്‍ നല്‍കി, വ്യക്തമാക്കുമോ;

(ഡി) നിലവില്‍ പുസ്തകങ്ങളുടെ റോയല്‍റ്റി ഇനത്തില്‍ എന്തു തുക കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ;

(ഇ) വിദ്യാഭ്യാസ വകുപ്പ് ആര്‍.എം.എസ്.എ. പദ്ധതി പ്രകാരം സ്കൂള്‍ ലൈബ്രറികള്‍ക്ക് പുസ്തകം വാങ്ങുന്നതിനായി വിവിധ ജില്ലകളില്‍ സംഘടിപ്പിക്കുന്ന പുസ്തകമേളകളില്‍, സാഹിത്യ പ്രവര്‍ത്തക സഹകരണ സംഘത്തിന് പരിഗണനന നല്‍കുന്നില്ല എന്ന പരാതി ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇത്തരം പുസ്തക മേളകളില്‍ സാഹിത്യ പ്രവര്‍ത്തക സഹകരണ സംഘത്തിന് പ്രത്യേക പരിഗണന ലഭിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ</u>

5368

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾക്ക് വിവിധ സഹകരണ ബാങ്കുകളിൽ നിന്നും വായ്പകൾ ലഭ്യമാക്കുന്നതിന് നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് പ്രത്യേകമായി നിർദ്ദേശം നൽകുമോ;

(സി) വായ്പകൾ നൽകുന്നതിനുള്ള വ്യവസ്ഥകളിൽ ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>വായ്പാ ഇളവിന് നടപടി</u>

5369 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകകളിൽനിന്നും വായ്പ എടുത്തശേഷം മരണപ്പെടുന്നവർ, മാരകരോഗങ്ങൾ ബാധിച്ച് വായ്പ തിരിച്ചടക്കാൻ കഴിയാത്തവർ, നിരാലംബരായ വിധവകൾ ഇവർക്ക് വായ്പ തിരിച്ചടവിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പ</u>

5370 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ കാർഷിക വായ്പകൾ നൽകുന്നത് ഏതെല്ലാം ബാങ്കുകളാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബാങ്കുകൾ നൽകുന്ന ആകെ വായ്പയിൽ ഇത്ര ശതമാനം കാർഷിക വായ്പയായിരിക്കണമെന്ന് നിബന്ധനയുണ്ടോ;

(സി) കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചത് മൂലം തിരിച്ചടവ് കുറയുന്നത് ഇതര വായ്പകൾ നൽകുന്നതിന് തടസ്സമാകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മൊറട്ടോറിയം പ്രഖ്യാപിച്ചത് മൂലം പലിശയിനത്തിൽ സഹകരണ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ തുക കാലതാമസം കൂടാതെ ബാങ്കുകൾക്ക് തിരികെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കാർഷിക വായ്പ സബ്സിഡി</u>

T.5371 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഒരു വർഷത്തേയ്ക്കെടുത്ത ഹ്രസ്വകാല വായ്പകൾക്കുള്ള കാർഷിക സബ്സിഡി രണ്ടോ മൂന്നോ വർഷത്തെ ദീർഘകാല വായ്പയാക്കുമ്പോൾ സബ്സിഡിയായ 5% നിഷേധിക്കപ്പെടുന്നതു ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ചെറുകിട കർഷകർക്ക് പലിശ രഹിത വായ്പ</u>

5372 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിലെ ബഡ്ജറ്റിൽ ചെറുകിടകർഷകർക്ക് പലിശരഹിത വായ്പ നൽകാൻ വകയിരുത്തിയ തുകയിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം നാളിതുവരെ എത്ര കർഷകരുടെ വായ്പയുടെ പലിശ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പലിശരഹിതവായ്പാ പദ്ധതി</u>

5373 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണബാങ്കുകളില്‍നിന്ന് കാര്‍ഷികവായ്പയെടുത്ത് കൃത്യമായി തിരിച്ചടയ്ക്കുന്ന കര്‍ഷകര്‍ക്കു നല്‍കുന്ന ആനുകൂല്യങ്ങള്‍ എന്തൊക്കെയാണെന്നു വിശദമാക്കുമോ;

(ബി) ഇത്തരത്തില്‍ വായ്പ കൃത്യമായി തിരിച്ചടച്ച കര്‍ഷകര്‍ക്കു പലിശരഹിതവായ്പ നല്‍കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കില്‍, വിശദാംശങ്ങള്‍ നല്‍കുമോ;

(സി) പലിശരഹിതവായ്പാപദ്ധതി പ്രകാരം എത്രപേര്‍ക്ക്, എത്ര തുക വായ്പ നല്‍കിയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കർഷകരുടെ വിഹിതം അടച്ച് ആധാരം തിരിച്ച് നൽകൽ</u>

T.5374 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിശ്ശികയുള്ള വായ്പകളിൽ കർഷകരുടെ വിഹിതം അടച്ചുകഴിഞ്ഞാൽ ആധാരം തിരിച്ചുനൽകണമെന്ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് കാർഷികഗ്രാമവികസന ബാങ്ക് പാലിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതുമൂലം കാർഷിക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം കർഷകർക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ റിസ്ക് ഫണ്ട് പദ്ധതി</u>

5375 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം ലോൺ കുടിശ്ശിക എഴുതിത്തളളുന്നതിനായി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിന്ന് എത്ര പേരുടെ അപേക്ഷകൾ ലഭിച്ചുവെന്നും അത് ആരുടേതെല്ലാമാണെന്നും അറിയിക്കുമോ;

(ബി) ഈ അപേക്ഷകളിൽ ആരുടെ അപേക്ഷകളെല്ലാം പരിഗണിച്ചു; എന്ത് നടപടികൾ സ്വീകരിച്ചുവെന്നും ആകെ പരിഗണിച്ച അപേക്ഷകളിലായി എത്ര രൂപയുടെ വായ്പ കുടിശ്ശിക ഇളവ് നൽകിയെന്നും അറിയിക്കുമോ;

(സി) ഇവയിൽ പരിഗണിക്കാതിരുന്ന അപേക്ഷകൾ എത്രയാണെന്നും അത് ആരുടേതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) അപേക്ഷ പരിഗണിക്കാതിരുന്നതിന് കാരണമെന്തായിരുന്നു; വിശദമാക്കുമോ;

(ഇ) റിസ്ക് ഫണ്ട് പദ്ധതിയിൽ ഇളവ് ലഭിക്കുന്നതിനുളള മാർഗ്ഗരേഖയും നടപടികളും വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

കുട്ടനാട് നിയോജകമണ്ഡലത്തിലെ ആശ്വാസ് പദ്ധതി

5376 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ‘ആശ്വാസ് 2012’ പദ്ധതിപ്രകാരം കുട്ടനാട് നിയോജക മണ്ഡലത്തിലെ എത്ര സഹകാരികളുടെ, എന്ത് തുകയുടെ വായ്പ തിരിച്ചടച്ചുവെന്ന് വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം കുടിശ്ശിക ഇനത്തിൽ എന്ത് തുക പിരിച്ചെടുത്തുവെന്നും കുടിശ്ശികകാർക്ക് എന്ത് തുകയുടെ ആനുകൂല്യം നൽകിയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗക്കാരുടെ വായ്പകൾ എഴുതിതള്ളിക്കൊണ്ടുള്ള ഉത്തരവ്</u>

5377 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിൽ നിന്നും 25,000/- രൂപ വരെ വായ്പ എടുത്തിട്ടുള്ള പട്ടികജാതി വിഭാഗക്കാരുടെ വായ്പകൾ എഴുതി തള്ളുന്നതിന് മുൻ സർക്കാർ ഉത്തരവിറക്കിയിരുന്നോ എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഉത്തരവിൻ പ്രകാരം ഏതു കാലയളവ് വരെയുള്ള കുടിശ്ശികകളാണ് എഴുതി തള്ളാൻ തീരുമാനിച്ചിരുന്നത്;

(സി) കൊല്ലം ജില്ലാ സഹകരണബാങ്കിന്റെ കൊട്ടാരക്കര ശാഖയിൽ നിന്നുമുള്ള 555/2004 (1.03.05) നമ്പർ വായ്പ പ്രസ്തുത ഉത്തരവ് പ്രകാരം എഴുതിതള്ളുന്നതിന്റെ പരിധിയിൽ വരുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വൈപ്പിന്‍ മണ്ഡലത്തിലെ പട്ടികജാതി/പട്ടികവര്‍ഗ്ഗ സഹകരണ സംഘങ്ങള്‍ക്കുള്ള റിവൈവല്‍ ഫണ്ട്</u>

5378 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ മണ്ഡലത്തിലെ എത്ര പട്ടികജാതി/പട്ടികവര്‍ഗ്ഗ സഹകരണ സംഘങ്ങള്‍ക്ക് 2012 ജനുവരിക്കു ശേഷം റിവൈവല്‍ ഫണ്ട് നല്‍കിയെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ എത്ര സ്വാശ്രയ ഗ്രൂപ്പുകള്‍ക്ക് 2012-ല്‍ റിവോള്‍വിങ്ങ് ഫണ്ട് നല്‍കിയെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.ടി സഹകരണ സംഘങ്ങൾ</u>

5379

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.ടി സഹകരണ സംഘങ്ങൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത സംഘങ്ങൾക്ക് നൽകിയിട്ടുള്ള സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) നബാർഡ് പോലുള്ള ഏജൻസികളിൽ നിന്നും ധനസഹായം ലഭ്യമാക്കിക്കൊണ്ട് പ്രസ്തുത സംഘങ്ങളുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ചെലവഴിച്ച തുക</u>

5380 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗസാധനങ്ങൾക്ക് രൂക്ഷമായ വിലക്കയറ്റം നിലനിൽക്കുന്ന സാഹചര്യത്തിൽ പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് 2013-2014 സാമ്പത്തിക വർഷത്തിൽ സഹകരണസംഘങ്ങളും സ്ഥാപനങ്ങളും വഴി എന്ത് തുക ചെലവഴിച്ചു എന്നും ഇത് എന്തെല്ലാം കാര്യങ്ങൾക്കാണെന്നും വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനായി സർക്കാർ മതിയായ ധനസഹായം നൽകാത്തതാണോ കാരണം; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>നിത്യോപയോഗസാധനങ്ങളുടെ വിതരണം</u>

5381 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സഹകരണ സംഘങ്ങളും കണ്‍സ്യൂമര്‍ഫെഡും വഴി ഏതെല്ലാം നിത്യോപയോഗസാധനങ്ങള്‍ വിതരണം ചെയ്യുന്നുണ്ടെന്നും ഇവയ്ക്ക് മാര്‍ക്കറ്റ് വിലയില്‍ നിന്ന് എത്ര ശതമാനം വില ക്കുറവുണ്ടെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>നാട്ടിക മണ്ഡലത്തിലെ സഞ്ചരിക്കുന്ന ത്രിവേണി സൂപ്പർ മാർക്കറ്റ്</u>

5382 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ സഞ്ചരിക്കുന്ന ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രതിദിനം സഞ്ചരിക്കുന്ന റൂട്ട് മാപ്പ് ലഭ്യമാക്കാമോ;

(ബി) ഓരോ കേന്ദ്രത്തിലും നിശ്ചിത ദിവസം നിശ്ചിത സമയത്ത് എത്തിച്ചേരുന്നുണ്ട് എന്നുറപ്പുവരുത്തുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രതിദിനം ശരാശരി ലഭിക്കുന്ന വിറ്റുവരവ് എത്ര രൂപയാണെന്ന് അറിയിക്കുമോ;

(ഡി) നാട്ടിക മണ്ഡലത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പു പരിഗണിച്ച് ഒന്നിൽ കൂടുതൽ സഞ്ചരിക്കുന്ന സൂപ്പർ മാർക്കറ്റ് അനുവദിക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>കൊട്ടാരക്കര മണ്ഡലത്തിലെ ത്രിവേണി സൂപ്പർ മാർക്കറ്റ്</u>

5383 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ത്രിവേണി സൂപ്പർ മാർക്കറ്റിന്റെ നാളിതുവരെയുള്ള പ്രതിമാസ വിപണനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിൽ ഏതൊക്കെ കേന്ദ്രങ്ങളിലാണ് നിലവിൽ സഞ്ചരിക്കുന്ന ത്രിവേണി സൂപ്പർ മാർക്കറ്റിന്റെ സേവനം ലഭ്യമാക്കുന്നത്?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ബേബിസുധ നൽകിയ അപേക്ഷയിൻമേലുള്ള നടപടി</u>

5384 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൻമേൽ തീരുമാനമെടുക്കാൻ വർഷങ്ങളോളം കാലതാമസം വരുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) 30.03.2012-ൽ ബേബിസുധ നൽകിയ അപേക്ഷയുടെയും (നം.18652/ജി2/12/ജി. ഇ.) സഹകരണ വകുപ്പിന്റെ (നം.8880/സി3/12/കോ. ഒ.) പരിഗണനയിലിരിക്കുന്നതുമായ അപേക്ഷയുടെയും നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിക്കുമെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ജെ. ഡി. സി. പരീക്ഷ</u>

5385 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന ജെ. ഡി. സി. പരീക്ഷയിലെ ഒൻപതു വിഷയങ്ങളുടെയും പരീക്ഷ തുടർച്ചയായി നടത്തുന്നതുകൊണ്ട് വളരെപ്രായമായ സഹകരണസംഘം ജീവനക്കാരുൾപ്പെടെയുള്ള പരീക്ഷാർത്ഥികൾ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരീക്ഷകൾ ഒന്നിടവിട്ട ദിവസങ്ങളിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; 2014 ഏപ്രിൽ മുതൽ നടത്തുന്ന പരീക്ഷ ഈ വിധത്തിലാക്കുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ഖാദിഗ്രാമവ്യവസായത്തിന് കേന്ദ്രധനസഹായം

5386 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദിഗ്രാമ വ്യവസായ മേഖലയുടെ വികസനത്തിനായി 2012-13 വർഷത്തിൽ കേന്ദ്രധനസഹായമായി എന്തു തുക ലഭിച്ചു; പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി എന്ന് വിശദമാക്കാമോ;

(ബി) 2013-14 വർഷത്തിൽ പ്രസ്തുത മേഖലയുടെ വികസനത്തിനായി എന്തു തുക ലഭിച്ചു; തുക ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി</u>

5387 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും 2013-2014 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണു നീക്കിവെച്ചത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യത്തിനായി സംസ്ഥാനത്തെ ഏതെല്ലാം ഖാദി ഉല്പാദന കേന്ദ്രങ്ങൾ അപേക്ഷ സമർപ്പിക്കുകയുണ്ടായി;

(സി) ഏതെല്ലാം ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾക്ക് എത്ര തുക വീതം പ്രസ്തുത പദ്ധതി പ്രകാരം അനുവദിക്കുകയുണ്ടായി; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ഖാദി ഉൽപന്നങ്ങളുടെ വിപണനത്തിനായുള്ള
റീടെയിൽ ഔട്ട്ലെറ്റുകൾ

5388 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ഉൽപന്നങ്ങളുടെ വിപണനത്തിനായി സർക്കാരിന്റെ എത്ര റീട്ടെയിൽ ഔട്ട് ലെറ്റുകൾ സംസ്ഥാനത്തുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ കൂടി കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപയുടെ വിപണനം സാദ്ധ്യമായിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വാർഷിക ക്രമത്തിൽ അറിയിക്കാമോ;

(സി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ വിപണനത്തിലൂടെ ഈ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള ലാഭ/നഷ്ട വിവരം ശതമാനസൂചനയിലൂടെ ജില്ലാടിസ്ഥാനത്തിൽ വാർഷിക ക്രമമനുസരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ വിപണനകേന്ദ്രങ്ങളിൽ എത്ര ജീവനക്കാർ നിലവിൽ ജോലിചെയ്യുന്നുണ്ടെന്നുള്ള വിവരം സ്ഥിരം/താൽക്കാലികം എന്ന് ഇനം വ്യക്തമാക്കി ജില്ലാടിസ്ഥാനത്തിൽ തസ്തിക തിരിച്ച് അറിയിക്കുമോ;

(ഇ) ജീവനക്കാർക്ക് നിലവിൽ ശമ്പളം/ഇതര ആനുകൂല്യങ്ങൾ നൽകുന്നതിന് എത്ര തുക ചെലവാക്കുന്നു എന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ഖാദി വിപണനം നടത്തുന്നതിന് സംസ്ഥാനത്തിന് പുറത്ത് സർക്കാർ കേന്ദ്രങ്ങളുണ്ടോ;

(ജി) എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ചേര്‍ത്തല സില്‍ക്ക് റീലിംഗ് സെന്ററിലെ തൊഴിലാളികള്‍</u>

5389 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല പട്ടണക്കാട് പഞ്ചായത്തില്‍ ഖാദിബോര്‍ഡിനു കീഴില്‍ പ്രവര്‍ത്തിക്കുന്ന സില്‍ക്ക് റീലിംഗ് സെന്ററില്‍ നിലവില്‍ എത്ര തൊഴിലാളികള്‍ ജോലി ചെയ്യുന്നു എന്നും ഇവര്‍ എത്ര കാലമായി ഇവിടെ ജോലി ചെയ്യുന്നു എന്നും അറിയിക്കുമോ;

(ബി) ഇവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ എന്നും ഇവരുടെ പ്രതിദിന വേതനം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഇവരുടെ ശമ്പളം, മറ്റാനുകൂല്യങ്ങള്‍ എന്നിവ വര്‍ദ്ധിപ്പിക്കുന്നതിനുവേണ്ടി ലേബര്‍ കോടതിയില്‍ സമര്‍പ്പിച്ചിരുന്ന കേസിന്റെ വിധിയും തുടര്‍ന്ന് ഹൈക്കോടതി നിര്‍ദ്ദേശവും ഉണ്ടായിരുന്നിട്ടും ഇവരെ സ്ഥിരപ്പെടുത്തുകയോ ഇവരുടെ ശമ്പളം മറ്റാനുകൂല്യങ്ങള്‍ എന്നിവ വര്‍ദ്ധിപ്പിക്കുകയോ ചെയ്യാത്തത് എന്തുകൊണ്ടാണെന്നു പറയാമോ;

(ഡി) കോടതി വിധി നിലനില്‍ക്കുമ്പോള്‍ത്തന്നെ സെറിഫെഡിലെ മുന്നൂറ്റി അമ്പതോളം ജീവനക്കാരെയും സ്ഥിരമല്ലാത്ത സ്വീപ്പര്‍മാരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനര്‍വിന്യസിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) പട്ടണക്കാട് സില്‍ക്ക് റീലിംഗ് സെന്ററിലെ ജീവനക്കാരെ സ്ഥിരപ്പെടുത്താതെ ഖാദിബോര്‍ഡിന് കൈമാറിയത് എന്തുകൊണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇവരെ മെച്ചപ്പെട്ട ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നല്‍കി മറ്റേതെങ്കിലും വകുപ്പുകളിലേയ്ക്ക് പുനര്‍വിന്യസിക്കുവാന്‍ നടപടി സ്വീകരിക്കുമോ?